**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതിഃ 25.03.2026

# പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവ്വകലാശാലയിൽ 'ടു എർ...' ചിത്ര-ശില്പ പ്രദർശനം ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പെയിന്റിംഗ് വിഭാഗത്തിലെ അവസാന വർഷ ബി എഫ് എ, എം എഫ് എ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന ചിത്ര - ശില്പ പ്രദർശനം 'ടു എർ...' കാലടി മുഖ്യ കാമ്പസിലെ ഫൈൻ ആർട്സ് ബ്ലോക്കിലും ശ്രീശങ്കരാചാര്യ ആർട്ട് ഗാലറിയിലുമായി ആരംഭിച്ചു. വിഷ്വൽ ആർട്ടിസ്റ്റും ആർട്ട് ക്യൂറേറ്ററും കൊച്ചി മുസിരിസ് ബിനാലെ സ്ഥാപകനുമായ റിയാസ് കോമു ചിത്ര - ശില്പ പ്രദർശനം 'ടു എർ...' ഉദ്ഘാടനം ചെയ്തു. പെയിന്റിംഗ് വിഭാഗം മേധാവി ഡോ. ടി. ജി. ജ്യോതിലാൽ അദ്ധ്യക്ഷനായിരുന്നു. രജിസ്ട്രാർ ഡോ. മോത്തി ജോർജ് ആമുഖ പ്രഭാഷണം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു കാറ്റലോഗ് പ്രകാശനം ചെയ്തു. കാമ്പസ് ഡയറക്ടർ ഡോ. ആർ. ഷർമിള, നടക വിഭാഗം മേധാവി കെ. കെ. കൃഷ്ണകുമാർ, ഡോ. സാജു തുരുത്തിൽ എന്നിവർ പ്രസംഗിച്ചു. വരും ദിവസങ്ങളിൽ ഫിലിം ഫെസ്റ്റിവൽ, പെർഫോമൻസ് ആർട്ട്, പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവ ഉണ്ടായിരിക്കും. സിനിമ നിരൂപകനും ക്യൂറേറ്ററുമായ സി. എസ്. വെങ്കിടേശ്വരൻ, കലാനിരൂപകൻ സുധീഷ് കോട്ടേമ്പ്രം, ചുമർ ചിത്രകാരൻ സുരേഷ് മുതുകുളം എന്നിവർ പങ്കെടുക്കും. മാർച്ച് 30 വരെയുള്ള പ്രദർശനത്തിൽ പ്രവേശനം സൗജന്യമായി രിക്കും.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പെയിന്റിംഗ് വിഭാഗത്തിലെ അവസാന വർഷ ബി എഫ് എ, എം എഫ് എ വിദ്യാർത്ഥികൾ കാലടി മുഖ്യ കാമ്പസിലെ ഫൈൻ ആർട്സ് ബ്ലോക്കിലും ശ്രീശങ്കരാചാര്യ ആർട്ട് ഗാലറിയിലുമായി ആരംഭിച്ച സംഘടിപ്പിക്കുന്ന ചിത്ര - ശില്പ പ്രദർശനം 'ടു എർ...', വിഷ്വൽ ആർട്ടിസ്റ്റും ആർട്ട് ക്യൂറേറ്ററും കൊച്ചി മുസിരിസ് ബിനാലെ സ്ഥാപകനുമായ റിയാസ് കോമു വീക്ഷിക്കുന്നു.

## 2. സംസ്കൃത സർവ്വകലാശാലയിൽ പ്രഭാഷണം ഇന്ന് (മാർച്ച് 26)

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ അഡ്വാൻസ്ഡ് സ്റ്റഡി സെന്റർ ഫോർ ഇന്ത്യൻ ജൂറിസ്പ്രൂഡൻസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഭാഷണം മാർച്ച് 26ന് രാവിലെ പത്തിന് ആരംഭിക്കും. 'ഇന്ത്യൻ നിയമതത്വശാസ്ത്രം : ശാസ്ത്രീയ

അടിസ്ഥാനങ്ങളും സമകാലിക പ്രസക്തിയും' എന്നതാണ് വിഷയം. സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു ഉദ്ഘാടനം ചെയ്യും. ഡോ. ആരതി അശോക്, അഡ്വ. പാർവതി മേനോൻ എന്നിവർ പ്രഭാഷണങ്ങൾ നിർവ്വഹിക്കും. ഡോ. വി. കെ. ഭവാനി അധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. വിനീത് ആർ. എസ്., ഡോ. ടി. മിനി, ഡോ. സരിത ടി. പി., ഡോ. കെ. സി. രേണുക, ഡോ. കവിത എം. എസ്. എന്നിവർ പ്രസംഗിക്കും.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075